**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3949** **09-10-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിമൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കുണ്ടറ മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന വെറ്ററിനറി ഡിസ്പെൻസറി /വെറ്ററിനറി ഹോസ്പിറ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **<u>വെറ്ററിനറി ഡിസ്പെൻസറി, പുനുക്കന്നൂർ</u>** - എബിസി സെന്റർ നവീകരണത്തിനും അറ്റകുറ്റപ്പണിക്കുമായി, ജില്ലാ പഞ്ചായത്തും ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തും സംയുക്തമായി പദ്ധതി ആവിഷ്കരിച്ച് ₹5 ലക്ഷം രൂപയുടെ വർക്കുകൾ ചെയ്തിരുന്നു.<br><br>2. **<u>വെറ്ററിനറി ഡിസ്പെൻസറി, പേരയം</u>** - പേരയം ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയുടെ പരിധിയിൽ വരുന്ന കുമ്പളം വെറ്ററിനറി സബ് സെന്ററിന് പുതിയ കെട്ടിടം എംഎൽഎയുടെ ഫണ്ടിൽ നിന്നും ₹22 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചു.<br><br>3. **<u>വെറ്ററിനറി ഡിസ്പെൻസറി, നല്ലില -</u>** നല്ലില വെറ്ററിനറി ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യ വികസനം 2024-25 സാമ്പത്തിക വർഷം നെടുമ്പന ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.<br><br>4. **<u>വെറ്ററിനറി ഡിസ്പെൻസറി, നെടുമ്പന</u>** - നെടുമ്പന വെറ്ററിനറി ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ, പ്രോജക്റ്റ് നെടുമ്പന ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>5. **<u>വെറ്ററിനറി ഡിസ്പെൻസറി കണ്ണനെല്ലൂർ</u>** - കണ്ണനെല്ലൂർ വെറ്ററിനറി ഡിസ്പെൻസറിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 15 ലക്ഷം രൂപയുടെ പ്രോജക്റ്റ് തൃക്കോവിൽവട്ടം |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തിൽ വെച്ചിട്ടുണ്ട്. പണി അന്തിമ ഘട്ടത്തിലാണ്.<br><br>6. **വെറ്ററിനറി ഹോസ്പിറ്റൽ കണ്ടറ** - കുണ്ടറ മൃഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 2023 വർഷം തന്നെ റവന്യൂ വകുപ്പ് സ്ഥലം കണ്ടെത്തി തരുകയും ചീഫ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ 104 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഉൾപ്പെടെ പ്രൊപ്പോസൽ നൽകിയിരുന്നതാണ്. എന്നാൽ അന്നത്തെ ഫണ്ടിന്റെ ലഭ്യത കുറവുള്ളതിനാൽ പരിഗണിക്കാൻ സാധിച്ചില്ല .നടപ്പ സാമ്പത്തീക വർഷം പുതിയ പ്രൊപ്പോസൽ എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി (ബിൽഡിംഗ്സ്) കൊല്ലത്തിന് കത്ത് നല്കിയിട്ടുണ്ട്.<br><br>**7.വെറ്ററിനറി ഹോസ്പിറ്റൽ ചെമ്മക്കാട് വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യങ്ങളിൽ ആണ് ചെമ്മക്കാട് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. ഇത് കണക്കിലെടുത്ത് പെരിനാട് ഗായത്രി ജംഗ്ഷന് തെക്ക് വശം സർവ്വേ 323/1 ൽ 10 സെന്റ് റവന്യൂ പുറംപോക്ക് ഭൂമി കണ്ടെത്തി വകുപ്പിന് കൈമാറുവാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഭൂമി കൈമാറി കിട്ടിയതിന് ശേഷം എല്ലാ സൗകര്യത്തോടും കൂടിയ പുതിയ മൃഗാശുപത്രി കെട്ടിടം ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.** |

സെക്ഷൻ ഓഫീസർ